(ബി) കോർപ്പറേഷന് 1998-99 വരെയുള്ള മൊത്തം സഞ്ചിതനഷ്ടം എത്ര രൂപയാണ്;

(സി) കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ ധനസഹായം നൽകിയതിന്റെ കണക്ക് ഇനംതിരിച്ചും വർഷം തിരിച്ചും വെളിപ്പെടുത്തുമോ;

(ഡി) കോർപ്പറേഷൻ ഏതെങ്കിലും ബാങ്കിതര സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ; തിരിച്ചടച്ചതിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഇ) 1998-99ന് ശേഷം കോർപ്പറേഷൻ ഇറക്കുമതി ചെയ്ത തോട്ടണ്ടിക്ക് സ്വകാര്യ മുതലാളിമാർ നൽകിയ വിലയേക്കാൾ കൂടുതൽ വില നൽകിയാണ് എടുത്തതെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുമൂലം കോർപ്പറേഷനുണ്ടായ നഷ്ടം എത്രയാണ്; ഇതിന്മേൽ ഏതെങ്കിലും തലത്തിൽ അന്വേഷണം നടത്തുകയുണ്ടായോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

വർഷം	നഷ്ടം (ലക്ഷത്തിൽ) (ആഡിറ്റിനു വിധേയം)
1993-94	2692.61
1994-95	2163.24
1995-96	2357.57
1996-97	1877.87
1997-98	1689.42
1998-99	178.00

(ബി) 21424.17 ലക്ഷം രൂപ (ആഡിറ്റിന് വിധേയം)

(സി) 1988 മുതൽ കോർപ്പറേഷന് നൽകിയ തുക സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) കെ.എം.എം.എൽ-ൽ നിന്ന് 1993-ൽ 70 ലക്ഷം രൂപയും, 4.5.95-ൽ 140 ലക്ഷം രൂപയും, 27.8.1998-ൽ 500 ലക്ഷം രൂപയും വായ്പയെടുത്തിട്ടുണ്ട്. ഇതിൽ 1993-ൽ എടുത്ത വായ്പ തിരിച്ചുനൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 98-99നുശേഷം നടത്തിയിട്ടുള്ള ഇറക്കുമതിയിൽ കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടുള്ളതായി കണ്ടിട്ടില്ല. ഇക്കാര്യത്തിൽ അന്വേഷണമൊന്നും നടക്കുന്നില്ല.

240 (1419) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളിലൂടെ എത്ര വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നവയാക്കി മാറ്റാൻ കഴിഞ്ഞു എന്ന് അറിയിക്കുമോ;

(ബി) അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

ഉത്തരം

(എ)&(ബി) 11 സ്ഥാപനങ്ങൾ അവ താഴെപ്പറയുന്നവയാണ്.

1) പെനിൻസുല പോളിമേഴ്സ് ലിമിറ്റഡ്, തിരുവനന്തപുരം.
2) കേരള ഇലക്ട്രിക് ലാമ്പ് വർക്സ്, എറണാകുളം
3) ട്രാവൻകൂർ ഓക്സിജൻ ലിമിറ്റഡ്, ആലപ്പുഴ
4) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്.
5) അഫിലിയേറ്റഡ് മെഡിക്കൽ എക്വിപ്മെന്റ്സ്, എറണാകുളം.
6) സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ്
7) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്.
8) കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്.
9) ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള
10) കേരള ഓട്ടോമൊബൈൽസ്
11) കെൽട്രോൺ കൗണ്ടേഴ്സ്

ചെറുകിട വ്യവസായത്തെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

241 (1420) ഖാദി ഉല്പന്നങ്ങളുടെ വിപണനം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി കേന്ദ്രങ്ങളുണ്ടാകുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ എന്തു സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) നിലവിലുള്ള സംവിധാനം മുഖേന ഖാദി ഉല്പന്നങ്ങളുടെ വിപണനം പ്രതീക്ഷിക്കുന്ന തോതിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) മറ്റു സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഖാദി ഉല്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്നുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാന ഖാദി മേഖലയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഖാദി കേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇപ്പോൾ ഖാദി ബോർഡിന്റെ കീഴിലുള്ള ഖാദിഗ്രാമ സൗഭാഗ്യകൾ വഴിയും ഏജൻസി

LIBRARY ARCHIVES Kerala Legislative Assembly